ഇതിന്റെ ഭാഗമായി നോഡൽ ഓഫീസറെ നിയമിക്കുകയും Tender inviting and opening authority-കൾക്ക് NIC-Kerala-യിൽനിന്ന് Digital Signature Certificate ലഭ്യമാക്കുകയും കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ സഹായത്തോടെ ഓൺലൈൻ പേയ്മെന്റിനായി ട്രഷറി അക്കൗണ്ട് മാപ്പിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ പ്രയോജന പ്പെടുത്തുന്ന രീതിയിൽ ദർഘാസ് പരസ്യങ്ങൾ സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടലിലും സ്റ്റേഷനറി വകുപ്പിന്റെ വെബ്സൈറ്റിലും പ്രദർശിപ്പിക്കുന്നതും കൂടാതെ ദർഘാസുകാർക്ക് ഇ-മെയിൽ അയച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്റ്റേഷനറി മുഖ്യകാര്യാലയത്തിലെ പേപ്പർ ടെസ്റ്റിംഗ് ലാബ് നവീകരണത്തിന്റെ ഭാഗമായി 2012, 2013 എന്നീ വർഷങ്ങളിലായി Tear Tester, PH meter, Folding Endurance Tester എന്നിവ സ്ഥാപിക്കുകയുണ്ടായി. പേപ്പറിന്റെ Brightness ടെസ്റ്റ് ചെയ്യുന്നതിനുള്ള Brightness Tester, ജലം/ കെമിക്കൽ ആഗിരണം ചെയ്യുന്നതിനുള്ള കഴിവ് അളക്കുന്ന Cobb Tester, പേപ്പറിന്റെ ഭാരം കണക്കാക്കുന്ന GSM Tester, പേപ്പറിന്റെ ഉപരിതലബലം അളക്കുന്നതിനുള്ള Wax Pick Tester പേപ്പറിന്റെ (റീൽ) വലിവുബലം (Tensile Strength) അളക്കുന്നതിനുള്ള Tensile Index Tester തുടങ്ങി ഗുണമേന്മ വിലയിരുത്തുന്നതിന് സുപ്രധാനങ്ങളായ ഘടകങ്ങൾ ടെസ്റ്റ് ചെയ്ത് അറിയുന്നതിന് വേണ്ടുന്ന ഉപകരണങ്ങൾ പേപ്പർ ടെസ്റ്റിംഗ് ലാബിൽ ഉപയോഗിച്ചുവരുന്നു. കൂടാതെ Binding Stiffness Tester സ്ഥാപിക്കു ന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്റ്റേഷനറി വകുപ്പ് നവീകരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് മേഖലാ ഓഫീസിന് പുതിയ ഓഫീസ് കെട്ടിടവും സ്റ്റോറും നിർമ്മിച്ചുവരുന്നു. വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് പുതിയ കെട്ടിടവും സ്റ്റോറും നിർമ്മിക്കുന്നതിനും ആലപ്പുഴ ജില്ലാ സ്റ്റേഷനറി ഓഫീസിനായി ആലപ്പുഴ കളക്ടറേറ്റിൽ സ്ഥലം അനുവദിപ്പിക്കുന്നതിനും ഓഫീസും സ്റ്റോറും മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

അച്ചടിവകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

164 (7463) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരള ഗവ. പ്രസ്സുസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചത് മാറ്റംവരുത്താതെ നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയത് നടപ്പിലാക്കണമെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കേരള ഗവൺമെന്റ് പ്രസ്സുസ് സബോർഡിനേറ്റ് സർവ്വീസ് കരട് സ്പെഷ്യൽ റൂൾ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. കമ്മിറ്റി ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബഹു. ഹൈക്കോടതി OP (KAT) 2906/2013, 3432/2013 എന്ന കേസ്സുകളിൽ 5-2-2014-ൽ താഴെപ്പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 'അച്ചടി വകുപ്പിലെ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും സ്പെഷ്യൽ റൂൾ ഫൈനലൈസ് ചെയ്യുന്നതുവരെ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ള കരട് സ്പെഷ്യൽ റൂളിന് അനുസൃതമായി നടത്തേണ്ടതാണ്. അത്തരത്തിൽ നടത്തിയിരിക്കുന്ന നിയമനങ്ങൾ അന്തിമ സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിന് വിധേയമായിട്ടായിരിക്കണം നടപ്പിലാക്കേണ്ടത്.' ഇപ്രകാരം നടപ്പിലാക്കുന്നതിന് അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അച്ചടിവകുപ്പ് ജീവനക്കാരനെതിരെ അച്ചടക്ക നടപടി

165 (7464) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ എസ്. ലതാകുമാരിയോട് അപമര്യാദയായി പെരുമാറിയതുസംബന്ധിച്ച് എന്തെങ്കിലും ജീവനക്കാരനെതിരെ പരാതി ലഭിച്ചിട്ടുണ്ടായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നടപടി ആർക്കെതിരെയെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ :

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ജൂനിയർ ഫോർമാൻ (ബൈന്റിംഗ് വിഭാഗം) ശ്രീ. കെ. മോഹനനെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly